"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായിരുന്ന സി. നം. 92/22 ചിന്നപ്പന്റെ അകാല വിടുതൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.117/2026/HOME തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. സ.ഉ.(എം.എസ്) നം. 141/2025/ഹോം, തീയതി 31.07.2025
2. പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ, 16.01.2026 തീയതിയിലെ PKD/ADPO/ME/07/26 നമ്പർ കത്ത്.
3. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസിന്റെ, 27.01.2026 തീയതിയിലെ wp1-37406/2024 നമ്പർ കത്ത്.

**ഉത്തരവ്**

തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 08.01.2025 തീയതിയിൽ ചേർന്ന ജയിൽ ഉപദേശക സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ, ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ടും, 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 -ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായും, സി. നം. 92/22 ചിന്നപ്പൻ S/o തങ്കമണി എന്ന അന്തേവാസിയുടെ ശേഷിക്കുന്ന പ്രധാന ശിക്ഷാകാലയളവ് ഇളവ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം അകാലവിടുതൽ അനുവദിക്കുകയുണ്ടായി.

2. തുടർന്ന്, 04.08.2025 തീയതിയിൽ ജയിലിൽ നിന്നും മോചിതനായ സി. നം. 92/22 ചിന്നപ്പൻ S/o തങ്കമണി മദ്യപിച്ച് നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷിച്ചതിൽ, ഇദ്ദേഹം മദ്യപിച്ച് നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും അതിനാൽ തിരികെ ജയിലിലേക്ക് അയക്കണമെന്ന് ഒരു സഹോദരനും സഹോദരിയും ആവശ്യപ്പെടുകയുണ്ടായതായും ഇത്തരത്തിൽ അകാലവിടുതലുമായി ബന്ധപ്പെട്ട ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചും മദ്യപിച്ചും നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ ചിന്നപ്പന്റെ അകാലവിടുതൽ റദ്ദ് ചെയ്യണമെന്ന് പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുള്ളതായും അതിനാൽ ഇയാൾക്ക് അകാലവിടുതൽ അനുവദിച്ച് കൊണ്ടുള്ള പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജയിൽ ഉപദേശക സമിതിയുടെ ശിപാർശ അനുസരിച്ച് വിടുതലാക്കപ്പെട്ടവർ ബോണ്ടിൽ നിഷ്കർഷിച്ച പ്രൊബേഷൻ കാലയളവിലെ

സ്വഭാവം തൃപ്തികരമാണെന്ന് റിപ്പോർട്ട് ലഭിച്ചാൽ പ്രസ്തുത കാലാവധി പൂർത്തിയാക്കിയ തീയതി മുതൽ പൂർണ്ണമായും വിട്ടുതലായതായി കണക്കാക്കേണ്ടതും എന്നാൽ മേൽപ്പറഞ്ഞ പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണ കാലയളവിൽ എതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ജില്ലാ പ്രൊബേഷൻ ഓഫീസർക്ക് ബോധ്യപ്പെട്ടാൽ, പ്രസ്തുത വിവരം ഡയറക്ടർ ജനറലിനെയും, സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടറേയും, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെയും, വിട്ടുതൽ ചെയ്യപ്പെട്ട സ്ഥാപനത്തിലെ സൂപ്രണ്ടിനെയും അറിയിക്കേണ്ടതും ഡയറക്ടർ ജനറൽ പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കേണ്ടതും ഉചിതമെന്ന് കാണുകയാണെങ്കിൽ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 432-ാം വകുപ്പ് പ്രകാരം നൽകിയ ശിക്ഷാ ഇളവ് റദ്ദ് ചെയ്യാവുന്നതും അങ്ങനെയുള്ള കേസുകളിൽ വാറണ്ട് കൂടാതെ അത്തരം പ്രതികളെ അറസ്റ്റ് ചെയ്ത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതുമാണ് എന്നും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഉടനെതന്നെ ജില്ലാ പ്രൊബേഷൻ ഓഫീസറിൽ നിന്നും ബന്ധപ്പെട്ട രേഖകൾ വിളിച്ചുവരുത്തി പരിശോധിച്ച് അവശേഷിക്കുന്ന ശിക്ഷ അനുഭവിക്കുന്നതിനായി അയാളെ ജയിലിൽ അയക്കേണ്ടതുമാണ് എന്നും, കൂടാതെ സ്ഥിര ശിക്ഷാ ഇളവ് (permanent remission) നൽകിയത് ഇപ്രകാരം റദ്ദ് ചെയ്യുന്നതിന് മുൻപായി തടവുകാരനെ കേൾക്കേണ്ടതുണ്ടെന്നുമാണ് 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 -ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

4. ഇതിന്റെ അടിസ്ഥാനത്തിൽ, ആഭ്യന്തരവകുപ്പ് അണ്ടർ സെക്രട്ടറി 01.04.2026 തീയതിയിൽ ശ്രീ. ചിന്നപ്പനെ നേരിൽ കേൾക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും ശ്രീ. ചിന്നപ്പൻ ഹാജരാകുകയുണ്ടായില്ല. തുടർന്ന്, 08.05.2026 തീയതിയിൽ നേരിൽ കേൾക്കുന്നതിന് ഒരു അവസരം കൂടി നൽകിയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ചിന്നപ്പൻ ആലത്തൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഓൺലൈനായി ഹാജരാകുകയും വാദങ്ങൾ വ്യക്തമാക്കുകയും ചെയ്യുകയുണ്ടായി. ജയിലിൽ നിന്നും വിട്ടുതൽ ചെയ്യപ്പെട്ട അവസരത്തിൽ കൂലിയിനത്തിൽ ലഭിച്ച ₹2,25,000/- രൂപ സംരക്ഷിക്കാമെന്നേറ്റിരുന്ന സഹോദരങ്ങൾക്ക് നൽകിയിരുന്നതായും അത് തിരികെ ചോദിച്ചതിന്റെ വൈരാഗ്യത്തിലാണ് അവർ ഇത്തരത്തിൽ പരാതി നൽകിയതെന്നും യാതൊരു അക്രമവും അവരോട് കാണിച്ചിട്ടില്ലായെന്നും ചാലക്കുടിയിലുള്ള സഹോദരിയോടൊപ്പം കഴിഞ്ഞിരുന്നുവെങ്കിലും ഇപ്പോൾ ഒറ്റയ്ക്ക് കുടുംബസ്ഥലത്ത് തന്നെയാണ് താമസിക്കുന്നതെന്നും യഥാസമയം പോലീസ് സ്റ്റേഷനിൽ ഹാജരായി വരുന്നതാണെന്നും സ്ഥിരമായ മദ്യപാനശീലമില്ലെന്നും ചിന്നപ്പൻ അറിയിക്കുകയുണ്ടായി. എന്നാൽ, സഹോദരങ്ങൾ സംരക്ഷിക്കാമെന്ന് സന്നദ്ധത അറിയിച്ചതിനെ തുടർന്നാണ് അകാലവിട്ടുതലിന് ശിപാർശ ചെയ്തതെന്നും പരാതിയിൽ പറയുന്ന കാര്യങ്ങൾ അന്വേഷിച്ചതിൽ ചിന്നപ്പനെതിരെ നാട്ടുകാർക്ക് ആർക്കും തന്നെ യാതൊരു പരാതിയുമില്ലായെങ്കിലും സഹോദരങ്ങൾക്ക് പരാതിയുള്ളതായി അറിയിച്ചതായും അവരെ കൊല്ലുമെന്ന് ചിന്നപ്പൻ ഭീഷണിപ്പെടുത്തിയിട്ടുള്ളതായും സഹോദരങ്ങളെ മർദ്ദിച്ചുവെന്നത് വാസ്തവമാണെന്നും അതിനാൽ ചിന്നപ്പൻ നൽകിയ മൊഴികൾ വാസ്തവവിരുദ്ധമാണെന്നും ഒരു സഹോദരൻ അടുത്ത് തന്നെയാണ് താമസിക്കുന്നതെന്നും ചിന്നപ്പന്റെ ഉപദ്രവം മൂലം ഇയാൾ ഭാര്യയെയും മക്കളെയും വേറൊരു സ്ഥലത്ത് താമസിപ്പിച്ച് വരുന്നതായും ബോധ്യപ്പെട്ടതാണെന്നും അതിനാൽ അകാലവിട്ടുതൽ റദ്ദ് ചെയ്യണമെന്ന് റിപ്പോർട്ടിൽ ഉറച്ച് നിൽക്കുന്നതായും പാലക്കാട് ജില്ലാ പ്രൊബേഷൻ ഓഫീസർ അറിയിച്ചു. ചിന്നപ്പനെതിരായി മുൻപ് പരാതി ലഭിച്ചിട്ടുള്ളതാണെന്നും കൂടാതെ കഴിഞ്ഞ ദിവസവും ഒരു

സഹോദരി ഇയാൾ മർദ്ദിച്ചതായി പരാതി നൽകിയിട്ടുള്ളതാണെന്നും പരാതികൾ അന്വേഷിച്ച് വരുന്നതായും അതിൽ ചില കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടതാണെന്നും ആലത്തൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചു. ഇദ്ദേഹം ജയിലിൽ കഴിഞ്ഞ കാലയളവിലെ സ്വഭാവം തൃപ്തികരമായിരുന്നതിനാലാണ് അകാലവിട്ടുതലിന് ശിപാർശ ചെയ്തിരുന്നതെന്നും അവധിയിൽ പോയി കൃത്യമായി തിരിച്ചു വരാറുണ്ടായിരുന്നെന്നും ജയിൽ അധികാരികളും വ്യക്തമാക്കുകയുണ്ടായി.

5. ജയിൽ ഉപദേശക സമിതിയുടെ ശിപാർശ അനുസരിച്ച് വിട്ടുതലാക്കപ്പെട്ട, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായിരുന്ന സി. നം. 92/22 ചിന്നപ്പൻ S/o തങ്കമണി ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന ഉറച്ച നിലപാടാണ് ജില്ലാ പ്രൊബേഷൻ ഓഫീസർ കൈക്കൊണ്ടിട്ടുള്ളത്. കൂടാതെ, ശ്രീ ചിന്നപ്പന്റെ സഹോദരങ്ങൾ നിരന്തരം പരാതി നല്കിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളതെന്ന വസ്തുത നേരിൽ കേട്ട അവസരത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470-ലെ വ്യവസ്ഥകൾക്ക് വിധേയമായി, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസിയായിരുന്ന സി നം.92/22 ചിന്നപ്പൻ S/o തങ്കമണി, പഴയ ആണ്ടിത്തറ വീട് മേലാർക്കോട് ദേശം, ആലത്തൂർ പി.ഒ. പാലക്കാട് എന്നയാൾക്ക് അകാലവിട്ടുതൽ അനുവദിച്ച് കൊണ്ടുള്ള പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

6. 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമുള്ള തുടർനടപടികൾ സംസ്ഥാന പോലീസ് മേധാവി കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യക്ഷേമവകുപ്പ്
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ, മലപ്പുറം
ജില്ലാ പ്രൊബേഷൻ ഓഫീസർ, സിവിൽ സ്റ്റേഷൻ, പാലക്കാട്
നിയമ വകുപ്പ് (27.02.2026 തീയതിയിലെ OPN-E1/97/2026-LAWപ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, ഐ&പി.ആർ.വകുപ്പ്
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
Date: 10-06-2026 13:42:42

സെക്ഷൻ ഓഫീസർ